കഥ

# ഒരു കവിയുടെ ജീവചരിത്രം

വിജയകുമാർ കളരി

ക്കൽ

അവൻ പാതിവഴിയിൽ വിദ്യയിലേക്കുള്ള അഭ്യാസം നിർത്തി പണി തേടി, അന്നം തേടി നടക്കവെ, അവളെ കണ്ടെത്തി.

അവൾ ജ്വലിക്കുന്നൊരു താരകമായിരുന്നു. അവൻ, അവളുടെ കണ്ണുകളിൽ നോക്കിയിരിക്കവെ എല്ലാം മറന്നു, അവളും.

കണ്ടു കണ്ടിരിക്കെ അവൻ വെറുതെ ചൊല്ലി,

പെണ്ണേ, നീ ജ്വലിക്കുന്ന അഗ്നിയാണ്, ആ അഗ്നി കടം കൊണ്ടിട്ടാണ് ഞാൻ ചൂടായി നില്ക്കു
ന്നത്,

പെണ്ണേ, നീ കൊടും ശൈത്യമാണ്, നിന്റെ കുളിർമയിലാണെനിക്ക് മൂടിപ്പുതച്ച് ഉറങ്ങാൻ കഴിയുന്നത്.

പെണ്ണേ, നീ കാലവർഷമാണ്, ആ വർഷത്തിലാണെന്നിൽ കവിത മുളക്കുന്നത്.

പെണ്ണേ, നീ വസന്തമാണ്, അതു കൊണ്ടാണെന്റെ കവിതകൾ പൂവായി വിരിയുന്നത്.

പെണ്ണേ, നീ സുഗന്ധമാണ്, അതു കൊണ്ടാണിവിടെ നറുമണം നിറയുന്നത്.

പെണ്ണേ, നിന്റെ കൈവിരലുകളാലെന്റെ ഹൃദയ വീണയിൽ മീട്ടുന്നതു കൊണ്ടാണെനിക്ക് പാടാൻ കഴിയുന്നത്.

പെണ്ണേ, നീ എന്റെ സിരകളിലൂടെ രക്തമായിട്ടൊഴുകുന്നതു കൊണ്ടാണെനിക്ക് ജീവനുണ്ടായിരിക്കുന്നത്.

പെണ്ണേ, നിന്റെ മാംസം എന്നിലുള്ളതു കൊണ്ടാണെനിക്ക് രൂപമുണ്ടായിരിക്കുന്നത്.

പെണ്ണേ, നീയുണ്ടായിരിക്കുന്നതു കൊണ്ടാണ് ഞാനും ഉണ്ടായിരിക്കുന്നത്.

പെണ്ണേ, നീ പ്രകൃതിയും വികൃതിയും രൂപിയും അരൂപിയും സത്യവും അസത്യവുമാണ്.

അവന്റെ കവിതകൾ കേട്ട്, ചൂടു തട്ടി മഞ്ഞുരുകി ഗംഗയിലൂടെ ഒഴുകും പോലെ അവൾ ഉരുകി ഒലിച്ചിറങ്ങി അവനിലൂടെ പടർന്നൊഴുകി.....

അവൻ ചൂടും തണുപ്പും ഈർപ്പവും വസന്തവും സുഗന്ധവും ഉൾകൊണ്ട് വിണ്ണിലൂടെ പറന്ന് നടന്നു. നടന്നു നടന്ന് കവിയായി.....

കവിത ചൊല്ലിച്ചൊല്ലി നടന്ന് നക്കാപ്പിച്ച നേടി.

അവൾ പട്ടിണി കിടന്ന് മടുത്ത്, അവനെ വിട്ട് മറ്റൊരുവനെ വേട്ട് സുഖമായി ജീവിച്ചു.

@@@@@@@@